Reg. No.: ...............................

Name : ...................................

K19U 0481

**VI Semester B.A. Degree (CCSS – Supplementary) Examination, April 2019**
**(2013 and Earlier Admission)**
**CORE COURSE IN MALAYALAM**
**6B 14 MAL : പരിസ്ഥിതി, ദളിത്, സ്ത്രീവാദം**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **(4×1=4 വെയിറ്റേജ്)**

1) താഴെക്കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

എ) കുറ്റിപ്പുറം പാലം

ബി) മാറ്റാത്തി

സി) കഥയും പരിസ്ഥിതിയും

ഡി) ദേവദൂതികൾ മാഞ്ഞുപോവത്

2) 'ദ്വിജവരഗമനം കണ്ടാൽ
അറിവില്ലേ മറഞ്ഞു നില്പാൻ'

എ) ആരുടെ വാക്കുകൾ ?

ബി) ആരോടാണ് പറയുന്നത് ?

സി) ഏത് കൃതി ?

ഡി) ഏത് വിഷയത്തെക്കുറിച്ചാണ് സംസാരിക്കുന്നത് ?

3) ബ്രായ്ക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

എ) ചാവ്മഴകൾ ആരുടെ കവിതാസമാഹാരം ?

(പി. പി. രാമചന്ദ്രൻ, പി. പവിത്രൻ, സുഗതകുമാരി, ഇവരാരുമല്ല)

ബി) പൊട്ടൻ തെയ്യത്തിൽ ചർച്ചയാകുന്ന വിഷയമെന്ത് ?

(മതം, ജാതി, മാന്ത്രികത, കുരുതി)

P.T.O.

സി) ഏത് പഞ്ചായത്തിലാണ് പ്ലാച്ചിമട സ്ഥിതിചെയ്യുന്നത് ?

(പാവനൂർ, പെരുമാട്ടി, മൊറാഴ, പയ്യാമ്പൽ)

ഡി) 'ജാതിക്കുമ്മി' എഴുതിയതാര് ?

(നാരായണ ഗുരു, പണ്ഡിറ്റ് കറുപ്പൻ, അയ്യങ്കാളി, കുമാരനാശാൻ)

4) ചേരുംപടി ചേർക്കുക.

| | |
|---|---|
| എ) ആലാഹയുടെ പെൺമക്കൾ | എ) വൈക്കം മുഹമ്മദ് ബഷീർ |
| ബി) പുഴയോരം | ബി) സാറാജോസഫ് |
| സി) കണ്ടൽക്കാടുകൾ | സി) രാഘവൻ അത്തോളി |
| ഡി) ഭൂമിയുടെ അവകാശികൾ | ഡി) പൊക്കുടൻ |

5) ഉത്തരമെഴുതുക.

എ) പൊട്ടൻതെയ്യത്തിന് അടിസ്ഥാനമായ പുരാവൃത്തമേത് ?

ബി) വ്യവസായ സംസ്കൃതിയുടെ നിരാസമായി സാഹിത്യത്തിൽ ഉയർന്നു വന്ന പ്രസ്ഥാനമേത് ?

സി) 'ഇക്കോക്രിട്ടിസിസം' എന്ന പദം ആദ്യം ഉപയോഗിച്ച വ്യക്തി.

ഡി) 'നീർമാതളം പൂത്തകാലം' – എഴുതിയതാര് ?

II. **എഴുപത്തിയഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിനുത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) 'പരിസ്ഥിതി ദർശനം' – കുറിപ്പെഴുതുക.

7) ''അയ്യോ പരിപ്പ് കരിയ്ണ്ട് തോന്നുന്നു'' – സന്ദർഭം, ആശയം വിശദമാക്കുക.

8) 'കണ്ടൻ കോരൻ' എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

9) ''കർത്തവ്യത്തിന് ഒന്നാംസ്ഥാനം കൊടുത്ത് ബുദ്ധിപൂർവ്വം നിയന്ത്രിക്കേണ്ടതിന് പകരം വികാരത്തിനടിമപ്പെട്ട് എടുത്ത് എനിക്കിഷ്ടമല്ല'' – ആരുടെ വാക്കുകൾ ? വിശദമാക്കുക.

10) ''പേര് വിളിക്കുമ്പോൾ
വരിവരിയായി വന്ന് ലോറിയിൽ കയറണം'' – സന്ദർഭം, സ്വാരസ്യം വ്യക്തമാക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ **(150)** കവിയാതെ **അഞ്ചു** ചോദ്യത്തിനുത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) ''മെലിഞ്ഞ കാലുകൾ, രണ്ടു മുറികളുള്ള ആ കൊച്ചു വീട്ടിൽ വിശ്രമമില്ലാതെ ചലിച്ചു കൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു'' – എന്താണ് കേടുവന്നത് ? വിശദമാക്കുക.

12) സ്ത്രീകളെയും അവരുടെ അനുഭവലോകത്തെയും കേന്ദ്രീകരിച്ച് എഴുതിയ സരസ്വതിയമ്മയുടെ കഥകളിൽ പുരുഷലോകം എപ്പോഴും പ്രതിസ്ഥാനത്തു വന്നിട്ടുണ്ട്. – ചർച്ച ചെയ്യുക.

13) ''കഥയുള്ള കഥകളാണ് ടി. കെ. സി. വടുതലയുടേത്. ''തങ്ങൾക്ക് ഒരു കഥയുണ്ടെന്ന് തിരിച്ചറിഞ്ഞ സമൂഹത്തിന് അവരുടെ കഥ പറഞ്ഞു കൊടുക്കുകയായിരുന്നു അദ്ദേഹം'' – കഥയെ മുൻനിർത്തി വിലയിരുത്തുക.

14) പ്രകൃതി നിരീക്ഷണത്തെക്കുറിച്ച് ജോൺ സി. ജേക്കബ്ബിന്റെ വിലയിരുത്തലുകൾ ക്രോഡീകരിക്കുക.

15) ഉപഭോഗസംസ്കാരത്തിന്റെ പ്രധാന സ്വഭാവം വലിച്ചെറിയല വിസ്മൃതിയാണ് – വിശദമാക്കുക.

16) 'അച്ചണ്ട വെന്തീഞ്ഞ ഇന്നാ' – ഈ വാക്യത്തിന്റെ പിന്നിലുണ്ടായ യാഥാർത്ഥ്യമെന്ത് ? വിവരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യത്തിനുത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) പുരുഷന്റെ പൊള്ളയായ അല്പത്വത്തിനും ഡംഭിനും നേരെ നോക്കി പുച്ഛിക്കുവാൻ, സ്ത്രീവർഗ്ഗത്തിന് അഭിമാനിക്കുവാൻ ഒരു പ്രതീകത്തെ സംഭാവന ചെയ്യുകയാണ് കോലാടിലൂടെ – ചർച്ച ചെയ്യുക.

18) ജാതി വൈകൃതത്തിന്റെ നിരർത്ഥകതയെ ചോദ്യം ചെയ്യുന്ന സാമൂഹിക പരിവർത്തന ക്ഷമമായൊരു പുരാവൃത്തമാണ് – പൊട്ടൻ തെയ്യം അനാവരണം ചെയ്യുന്നത് – സമർത്ഥിക്കുക.

19) പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് ടി. പി. സുകുമാരന്റെ അഭിപ്രായം ക്രോഡീകരിയ്ക്കുക.

20) 'പെൺബുദ്ധി' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.